20359
19/11/19

# കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - ജമ്മുകാശ്മീരിൽ മൈൻ പൊട്ടിത്തെറിച്ചുണ്ടായ അപകടത്തിൽ വീരമൃത്യു വരിച്ച ജവാൻ അഭിജിത്തിന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ചും, ടിയാന്റെ സഹോദരിക്ക് സർക്കാർ ജോലി നൽകുന്നതിന് നടപടി സ്വീകരിക്കുവാൻ പൊതുഭരണ വകുപ്പിന് നിർദ്ദേശം നൽകിയും, കുടുംബത്തിന് വീട് വച്ച് നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുവാൻ കൊല്ലം ജില്ലാകളക്ടറെ ചുമതലപ്പെടുത്തിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=========================================

## റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്

സ.ഉ. (എം.എസ്.) നമ്പർ : **348/2019/റവ.** തിരുവനന്തപുരം, തീയതി, **18.11.2019.**

=========================================

പരാമർശം:- കൊല്ലം ജില്ലാകളക്ടറുടെ 19.10.2019-ലെ എൻ 4-162205/19 നമ്പർ കത്ത്.

## ഉത്തരവ്

ജമ്മുകാശ്മീരിൽ ബാരാമുള്ള നൗക സെക്ടറിൽ സൈനിക സേവനത്തിലേർപ്പെട്ടിരിക്കേ 14.10.2019-ന് മൈൻ പൊട്ടിത്തെറിച്ചുണ്ടായ അപകടത്തിൽ വീരമൃത്യു വരിച്ച ഇന്ത്യൻ കരസേനയിലെ 25 മദ്രാസ് റജിമെന്റിലെ ജവാൻ ആയിരുന്ന പുനലൂർ താലൂക്കിൽ അറയ്ക്കൽ വില്ലേജിൽ ഇടയം ആലുംമൂട്ടിൽ കിഴക്കതിൽ വീട്ടിൽ അഭിജിത്തിന്റെ കുടുംബത്തിന് പരമാവധി ധനസഹായം അനുവദിക്കണമെന്ന് പരാമർശം കത്ത് പ്രകാരം കൊല്ലം ജില്ലാ കളക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 14.10.2019-ന് ജമ്മുകാശ്മീരിൽ മൈൻ പൊട്ടിത്തെറിച്ചുണ്ടായ അപകടത്തിൽ വീരമൃത്യു വരിച്ച ജവാൻ അഭിജിത്തിന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 10,00,000/- രൂപ (പത്തു ലക്ഷം രൂപ മാത്രം) ധനസഹായം അനുവദിച്ചും ടിയാന്റെ സഹോദരിക്ക് സർക്കാർ നിയമനം നൽകുന്നതിന് 23.03.2018-ലെ സ.ഉ. (കൈ) നം. 71/2018/പൊ.ഭ.വ. പ്രകാരം തുടർ നടപടി സ്വീകരിക്കുവാൻ പൊതുഭരണ വകുപ്പിന് നിർദ്ദേശം നൽകിയും ഉത്തരവാകുന്നു. കൂടാതെ സ്വന്തമായി വീടില്ലാത്ത ടിയാന്റെ കുടുംബത്തിന് വീട് വച്ച് നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ കൊല്ലം ജില്ലാകളക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

3. വിതരണത്തിനാവശ്യമായിവരുന്ന 10,00,000/- രൂപ (പത്തു ലക്ഷം രൂപ മാത്രം) ***"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"*** എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും കൊല്ലം ജില്ലാകളക്ടർക്ക് അനുവദിക്കേണ്ടതും, കൊല്ലം

...2/-

ജില്ലാകളക്ടർ തുക വിതരണം ചെയ്ത് ഒരാഴ്ചയ്ക്കകം സർക്കാരിനെ വിവരം അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. വേണു. വി,
പ്രിൻസിപ്പൽ സെക്രട്ടറി.

ജില്ലാ കളക്ടർ, കൊല്ലം

തഹസിൽദാർ, പുനലൂർ

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി
(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.

സൈനിക ക്ഷേമവകുപ്പ്

പൊതുഭരണ വകുപ്പ്

പൊതുഭരണ (എസ്.സി.) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Bindumol.K.N

സെക്ഷൻ ഓഫീസർ.